# A

**22720** **120 MINUTES**

1. കേരളീയ പശ്ചാത്തലത്തിൽ കുമാരനാശാൻ രചിച്ച കാവ്യം ഏതാണ്?
   A) വീണപൂവ്  B) നളിനി
   C) ദുരവസ്ഥ  D) ചണ്ഡാലഭിക്ഷുകി

2. ‘തിരുനിഴൽമാല’യിലെ ‘നിഴൽ’എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു?
   A) ബലികർമ്മം  B) അനുഗ്രഹം
   C) ഭക്തിഗീതം  D) മന്ത്രവാദപ്പാട്ട്

3. ആഷാമേനോൻ രചിച്ച ‘പരിവ്രാജകന്റെ മൊഴി’ ഏത് എഴുത്തുകാരനെക്കുറിച്ചുള്ള സവിസ്തരപഠനമാണ്?
   A) ആൽബേർ കാമു  B) ഓസ്കാർ വൈൽഡ്
   C) ജീൻപോൾ സാർത്ര്  D) കസൻദ്സാക്കിസ്

4. നോർവീജിയൻ ചിന്തകനായ അർനേനെസ്സ് ആവിഷ്കരിച്ച സങ്കല്പനം ഏതാണ്?
   A) ഗഹനപരിസ്ഥിതിവാദം
   B) എഴുത്തുകാരന്റെ മരണം
   C) പാരിസ്ഥിതികസ്ത്രീവാദം
   D) നവചരിത്രവാദം

5. ട്രാജഡിയുടെ ആറുഘടകങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
   A) ഇതിവൃത്തം  B) പദവിന്യാസം
   C) ചിന്ത  D) ഗായകസംഘം

6. എ.ഡി. 1599–ൽ ഉദയംപേരൂർ സുനഹദോസ് നടന്നപ്പോൾ കൊച്ചിയിലെ രാജാവ് ആരായിരുന്നു?
   A) വീരകേരളവർമ്മ  B) രാമവർമ്മ
   C) കേശവരാമവർമ്മ  D) ഗോദവർമ്മ

7. ഭാസന്റെ ‘പ്രതിജ്ഞായൗഗന്ധരായണ’ത്തിനുണ്ടായ ആട്ടപ്രകാരം ഏതുപേരിൽ അറിയപ്പെടുന്നു?
   A) അംഗുലിയാങ്കം  B) മത്തവിലാസം
   C) മന്ത്രാങ്കം  D) പർണ്ണശാലാങ്കം

8. അമ്മന്നൂർ മാധവചാക്യാരുമായി ബന്ധപ്പെട്ട കലാരൂപം ഏതാണ്?
   A) കൂത്ത്  B) കൂടിയാട്ടം
   C) പാഠകം  D) ഓട്ടൻതുള്ളൽ

9. കാലാനുപ്രയോഗത്തിന് ഉദാഹരണം ഏത്?
   A) വന്നേയ്ക്കാം  B) പറഞ്ഞുപോയി
   C) കണ്ടാലും  D) പോയിരിക്കും

10. സി. എൽ. ആന്റണിയുടെ ഭാഷാസംക്രമണവാദത്തിലെ സംക്രമണഘട്ടം ഏതാണ്?

A) എ.ഡി. 9 മുതൽ 17 വരെ   B) എ.ഡി. 9, 10 നൂറ്റാണ്ടുകൾ

C) എ.ഡി. 8 മുതൽ 12 വരെ   D) എ.ഡി. 9 മുതൽ 13 വരെ

11. എ. അയ്യപ്പന്റെ ഓർമ്മക്കുറിപ്പുകൾ ഇവയിൽ ഏതാണ്?

A) റെറ്റിനയിൽ പതിഞ്ഞ കാഴ്ചകൾ

B) തെറ്റിയോടുന്ന സെക്കന്റ് സൂചി

C) ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ

D) ബലിക്കുറിപ്പുകൾ

12. മലയാറ്റൂർ രാമകൃഷ്ണൻ രചിച്ച 'അമൃതംതേടി' എന്ന നോവലിന്റെ പ്രമേയം?

A) മെഡിക്കൽ വിദ്യാഭ്യാസരംഗം

B) 1857–ലെ ശിപായി ലഹള

C) കേരളീയ ബ്രാഹ്മണരുടെ ജീവിതം

D) ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം

13. മധുപാൽ സംവിധാനം ചെയ്ത 'ഒരു കുപ്രസിദ്ധ പയ്യൻ' എന്ന സിനിമയുടെ തിരക്കഥ രചിച്ചതാര്?

A) ശ്യാം പുഷ്കർ   B) മുരളി ഗോപി

C) ജീവൻ ജോബ് തോമസ്   D) ബോബി സഞ്ജയ്

14. കേരളത്തിലെ കഥകളിഗ്രാമം എന്നറിയപ്പെടുന്ന സ്ഥലം ഏതാണ്?

A) വെള്ളിനേഴി   B) ചെറുതുരുത്തി

C) മാത്തൂർ   D) വാഴേങ്കട

15. പതിറ്റുപ്പത്തിലെ ഓരോ പത്തിന്റെയും ആരംഭത്തിലുള്ള പതികങ്ങളുടെ ഉള്ളടക്കത്തിൽ ഉൾപ്പെടാത്തത് ഏത്?

A) കഥാപുരുഷന്റെ പേര്

B) കവിയുടെ പേര്

C) കവിക്കു കിട്ടിയ പാരിതോഷികങ്ങൾ

D) ഇഷ്ടദേവതാസ്തുതി

16. അംശി നാരായണപിള്ള രചിച്ച 'വരിക വരിക സഹജരേ' എന്ന ഗാനം ഏതു സത്യാഗ്രഹത്തിന്റെ 'മാർച്ചിംഗ് സോംഗ്' ആയിരുന്നു?

A) ഗുരുവായൂർ സത്യാഗ്രഹം   B) വൈക്കം സത്യാഗ്രഹം

C) ഉപ്പുസതാഗ്രഹം   D) പാലിയം സത്യാഗ്രഹം

17. 'ഗുണവദലംകൃതം ച വാക്യമേവ കാവ്യം' എന്ന് കാവ്യത്തെ നിർവചിച്ചത് ആര്?

A) രാജശേഖരൻ   B) ദണ്ഡി

C) ആനന്ദവർദ്ധനൻ   D) അപ്പയ്യദീക്ഷിതർ

18. പദാർത്ഥനിഷ്ഠമായ അലങ്കാരം ഇവയിൽ ഏതാണ്?

A) അർത്ഥാന്തരന്യാസം B) അപ്രസ്തുതപ്രശംസ

C) രൂപകാതിശയോക്തി D) വിരോധാഭാസം

19. മിശ്രഭാഷാവാദത്തിലെ മിശ്രഭാഷ എന്നതുകൊണ്ട് ഇളംകുളം കുഞ്ഞൻപിള്ള അർത്ഥമാക്കുന്നതെന്ത്?

A) കേരളഭാഷയും സംസ്കൃതവും

B) ചെന്തമിഴും സംസ്കൃതവും

C) കൊടുന്തമിഴും സംസ്കൃതവും

D) തമിഴും മലയാളവും

20. സമാക്ഷരലോപത്തിന് ഉദാഹരണം ഏത്?

A) ചെമ്മാനം B) എണ്ണൂറ് C) നടക്കാവ് D) കുപ്പാട്

21. യാക്കോബ് രാമവർമ്മൻ ഏതു നോവലിലെ കഥാപാത്രമാണ്?

A) അന്ധകാരനഴി B) അശരണരുടെ സുവിശേഷം

C) അടിയാളപ്രേതം D) പാപസ്നാനം

22. ഒ.എൻ.വി. കുറുപ്പിന്റെ ചോറൂണ്, അഗ്നിശേഷം എന്നീ കവിതകളുടെ പൊതുവായ സവിശേഷത എന്ത്?

A) മൃത്യുബോധം പ്രകടമാകുന്നു

B) ബാല്യകാലാനുഭവങ്ങൾ ചിത്രീകരിക്കുന്നു

C) നിളാനദീതീരം പശ്ചാത്തലമായി വരുന്നു

D) കുടുംബബന്ധങ്ങളിലെ ഊഷ്മളത അനാവരണം ചെയ്യുന്നു

23. "തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെ-
ക്കരയുകിലതുതന്നേതെല്ലോരാശ്വാസഹേതു"
-ആരുടെ വരികളാണിത്?

A) കുമാരനാശാൻ

B) വി.സി. ബാലകൃഷ്ണപ്പണിക്കർ

C) സി.എസ്. സുബ്രഹ്മണ്യൻപോറ്റി

D) ചാത്തുക്കുട്ടി മന്നാടിയാർ

24. ഒരു കഥാപാത്രം മാത്രം രംഗത്തുവരുന്ന സ്ത്രീവാദനാടകമാണ്:

A) ലേബർറൂം B) ബ്യൂട്ടിപാർലർ

C) കന്യ D) കസാൻഡ്ര

25. തത്ഭവപദമല്ലാത്തത് ഏത്?

A) തോണി B) ചുക്ക് C) കവി D) കമുക്

26. ശ്രീവല്ലഭൻ, പാർത്ഥിവശേഖരൻ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ആയ് രാജാവ് ആരായിരുന്നു?

A) കരുനന്തടക്കൻ B) വിക്രമാദിത്യവരഗുണൻ

C) കരുനന്തൻ D) ചടയൻ

27. വേർഡ്സ്വർത്ത് കണ്ടെത്തിയ കാവ്യകാരണങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
A) ഭാവന B) നിരീക്ഷണം C) പരിശീലനം D) ഭാവുകത്വം

28. "നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽക്കൂട്ടിത്തിറമൊടുകെട്ടി"
എന്നാരംഭിക്കുന്ന പാർത്ഥസാരഥീവർണ്ണന 'ശ്രീമഹാഭാരത'ത്തിലെ
ഏത് പർവത്തിലാണുള്ളത്?
A) ഭീഷ്മപർവം B) ദ്രോണപർവം
C) കർണ്ണപർവം D) സ്ത്രീപർവം

29. കാക്കപ്പൊന്ന് എന്ന ശൈലിയുടെ അർത്ഥം എന്താണ്?
A) അമൂല്യവസ്തു B) വിലയില്ലാത്ത വസ്തു
C) കറുത്ത സ്വർണ്ണം D) സാങ്കല്പികസ്വത്ത്

30. കെ.ആർ. മീരയുടെ 'യൂദാസിന്റെ സുവിശേഷം' എന്ന നോവലിന്റെ
പ്രമേയം എന്താണ്?
A) യൂദാസിന്റെ കഥയുടെ പുനർവായന
B) പോലീസിന്റെ നക്സൽവേട്ട
C) ഗുണ്ടകളുടെ ജീവിതത്തിന്റെ മറുപുറം
D) രാഷ്ട്രീയരംഗത്തെ അധാർമ്മികത

31. ടി.കെ. പത്മിനി എന്ന ചിത്രകാരിയുടെ ജീവിതത്തെ ആസ്പദമാക്കി 'പത്മിനി' എന്ന ചിത്രം തിരക്കഥയെഴുതി സംവിധാനം ചെയ്തതാര്?
A) ടി.കെ. രാജീവ്കുമാർ B) കാരയ്ക്കാമണ്ഡപം വിജയകുമാർ
C) രഘുനാഥ് പലേരി D) സുസ്മേഷ് ചന്ത്രോത്ത്

32. ഒരു ഉപമേയത്തെ പല ഉപമാനങ്ങളായി രൂപണം ചെയ്യുന്നതാണ്:
A) സാവയവരൂപകം B) പരമ്പരിതരൂപകം
C) മാലാരൂപകം D) പരിണാമം

33 ഓരോ വരിയിലും പതിനാല് അക്ഷരങ്ങൾ വീതം വരുന്ന ഭാഷാവൃത്തം
ഇവയിൽ ഏതാണ്?
A) കളകാഞ്ചി B) മണികാഞ്ചി C) ദ്രുതകാകളി D) അന്നനട

34. തെക്ക് കോരപ്പുഴ മുതൽ വടക്ക് മയ്യഴിവരെ വ്യാപിച്ചിരുന്ന പഴയ നാട്ടുരാജ്യം ഏതാണ്?
A) വെട്ടത്തുനാട് B) വള്ളുവനാട്
C) കുറുമ്പ്രനാട് D) കടത്തനാട്

35. സ്വർഗ്ഗം, നരകം, പാതാളം, ഭൂമി എന്നീ പേരുകളിൽ നാല് ഖണ്ഡങ്ങളുള്ള
കാവ്യം ഇവയിൽ ഏതാണ്?
A) വജ്രകുണ്ഡലം B) കുരുക്ഷേത്രം
C) ബലിദർശനം D) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം

36. “ചില കാരണങ്ങളാൽ ഞാൻ ഒട്ടേറെ മനഃക്ലേശം അനുഭവിച്ചിരുന്ന ഒരു സന്ദർഭത്തിലാണ് ഏതാണ്ട് ആത്മകഥാരൂപമായ ഈ കൃതി എഴുതിയത്”– തന്റെ ഏതു കൃതിയെക്കുറിച്ചാണ് ചങ്ങമ്പുഴ ഇവിടെ സൂചിപ്പിക്കുന്നത്?

A) രമണൻ B) പാടുന്ന പിശാച്
C) യവനിക D) നീറുന്ന തീച്ചൂള

37. ഇവയിൽ ചേർച്ചയില്ലാത്ത ജോടി ഏത്?

A) ബാലാമണിഅമ്മ – മാധവിക്കുട്ടി
B) അഭയദേവ് – പി. കേശവദേവ്
C) ഇടശ്ശേരി – ഇ. ഹരികുമാർ
D) ലളിതാംബിക അന്തർജ്ജനം – എൻ. മോഹനൻ

38. കുമാരനാശാനെക്കുറിച്ചുള്ള പഠനഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നത് ഏത്?

A) കടലിൽ തങ്ങിയ കാന്തഭൂമി
B) രുദിതാനുസാരീകവി
C) അന്തസ്സന്നിവേശം
D) മൃത്യുഞ്ജയം കാവ്യജീവിതം

39. കുട്ടികൃഷ്ണമാരാരുടെ നിരൂപണത്തെ ‘പ്രോക്രസ്റ്റസിന്റെ കട്ടിൽ’ എന്നു വിശേഷിപ്പിച്ചതാര്?

A) മുണ്ടശ്ശേരി B) എം.എൻ. വിജയൻ
C) കെ.പി.അപ്പൻ D) സുകുമാർ അഴീക്കോട്

40. ‘മനുഷ്യനും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിന്റെ മാർഗ്ഗമാണ് കല’ എന്ന് അഭിപ്രായപ്പെട്ടത് ആര്?

A) മാത്യു അർണോൾഡ് B) ഐ.എ. റിച്ചാർഡ്സ്
C) വേർഡ്സ്‌വർത്ത് D) ടോൾസ്റ്റോയ്

41. ലോക മാതൃഭാഷാദിനം എന്നാണ്?

A) ജനുവരി 1 B) ജനുവരി 21
C) ഫെബ്രുവരി 11 D) ഫെബ്രുവരി 21

42. ‘മലയാണ്മയുടെ സർഗ്ഗകവാടം’ എന്നത് ഏത് സംഘടനയുടെ ആപ്തവാക്യമാണ്?

A) കേരളസാഹിത്യ അക്കാഡമി
B) കേരള സംഗീത നാടക അക്കാഡമി
C) സമസ്തകേരള സാഹിത്യപരിഷത്ത്
D) കേരള ശാസ്ത്രസാഹിത്യപരിഷത്ത്

43. ലീലാതിലകാരൻ പാട്ടിനു നൽകിയ നിർവചനത്തിനും വിശദീകരണത്തിനും ഉപരിയായി രാമചരിതത്തിൽ കാണുന്ന സവിശേഷത

A) അന്താദിപ്രാസം B) തത്സമപദങ്ങൾ
C) ആദിപ്രാസം D) അനുഷ്ടുപ്പ്‌വൃത്തം

44. “എന്നെ ഞാനാക്കിയ മൺമറഞ്ഞ അമ്മയുടെ ഓർമ്മയ്ക്ക് മരണമില്ലാത്ത മാതാവിന്റെ ഈ ചിത്രം സപ്രമാണം സമർപ്പിക്കുന്നു”–ഈ സമർപ്പണവാക്യം ഏത് സാഹിത്യചരിത്രഗ്രന്ഥത്തിലേതാണ്?
   A) മലയാളകവിതാസാഹിത്യചരിത്രം
   B) കൈരളിയുടെ കഥ
   C) മലയാളഭാഷാചരിത്രം
   D) മലയാളനാടകസ്ത്രീചരിത്രം

45. ശീതങ്കൻ വിഭാഗത്തിൽപ്പെട്ട തുള്ളൽകൃതി ഇവയിൽ ഏതാണ്?
   A) ഗണപതിപ്രാതൽ    B) സഭാപ്രവേശം
   C) ബാണയുദ്ധം    D) കിരാതം

46. വെണ്ണിക്കുളം ഗോപാലക്കുറുപ്പ് രചിച്ച ‘കാളിദാസന്റെ കണ്മണി’യെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?
   A) കാളിദാസന്റെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള നിരൂപണം
   B) ‘അഭിജ്ഞാനശാകുന്തള’ത്തിന്റെ മലയാളപരിഭാഷ
   C) ശകുന്തളയുടെ ജീവിതത്തെ ആസ്പദമാക്കി എഴുതിയ ഖണ്ഡകാവ്യം
   D) കാളിദാസകൃതികളുടെ സമഗ്രാവലോകനം

47. സാംസ്കാരികഭൗതികവാദം എന്ന പ്രയോഗം ആരുടേതാണ്?
   A) എഫ്.ആർ. ലെവീസ്    B) റിച്ചാർഡ് ഹൊഗാർട്ട്
   C) ഇ.പി. തോംസൺ    D) റെയ്മണ്ട് വില്യംസ്

48. സംഘകാലത്ത് ചൂർണി എന്ന പേരിൽ അറിയപ്പെട്ടിരുന്ന നദി
   A) ഭാരതപ്പുഴ    B) പമ്പാനദി    C) കബനിനദി    D) പെരിയാർ

49. ഹീബ്രു, അറബി തുടങ്ങിയ സെമിറ്റിക് ഭാഷകൾ ഏത് ഗോത്രത്തിൽപ്പെടുന്നു?
   A) ഇൻഡോ–യൂറോപ്യൻ    B) ആഫ്രോ–ഏഷ്യാറ്റിക്
   C) ആസ്ട്രോനേഷ്യൻ    D) സിനോ–ടിബറ്റൻ

50. “ഇവിടെ ജനിപ്പീലാദിത്യൻ
ഇവിടെ മരിപ്പീലാദിത്യൻ
ഉച്ചതകൊൾവീലുച്ചണ്ഡൻ”–ആരുടെ വരികൾ?
   A) അയ്യപ്പപ്പണിക്കർ    B) എൻ.എൻ. കക്കാട്
   C) സച്ചിദാനന്ദൻ    D) എൻ.വി. കൃഷ്ണവാര്യർ

51. മലയാളത്തിലെ ഉത്തരാധുനിക നോവലുകളുടെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?
   A) പ്രാദേശിക ചരിത്രാഖ്യാനത്തിനു ലഭിച്ച സ്വീകാര്യത
   B) സ്ത്രീദലിത്പരിസ്ഥിതിപ്രതിനിധാനങ്ങൾ
   C) ഇതിവൃത്തഘടനയിൽ ഫാന്റസിക്കു ലഭിച്ച പ്രാധാന്യം
   D) ആഖ്യാനരീതിയിലുണ്ടായ വ്യതിയാനം

52. കെ. ബാലകൃഷ്ണന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന വാരിക

A) കേരളകൗമുദി B) കലാകൗമുദി

C) കേരളശബ്ദം D) കൗമുദി

53. നിർമ്മാല്യം എന്ന സിനിമയ്ക്കുവേണ്ടി ഗാനരചന നിർവഹിച്ച പ്രശസ്ത കവി ആരാണ്?

A) ജി. ശങ്കരക്കുറുപ്പ് B) പി. കുഞ്ഞിരാമൻ നായർ

C) അക്കിത്തം D) ഇടശ്ശേരി

54. സുൽത്താൻബത്തേരി എന്ന സ്ഥലനാമത്തിലെ ബത്തേരി ഏത് ഭാഷയിലെ പദമാണ്?

A) പോർച്ചുഗീസ് B) പേർഷ്യൻ C) അറബി D) ഹിന്ദി

55. "അദ്ദേഹത്തിന്റെ ഭക്തിയും ജ്ഞാനവും ഏതാണ്ടൊരു വിലാപഗാനത്തോട് അടുത്തു നിൽക്കുന്നു"–ആരെക്കുറിച്ചാണ് ഡോ. പി.വി. വേലായുധൻ പിള്ള ഇങ്ങനെ പറഞ്ഞത്?

A) എഴുത്തച്ഛൻ

B) പൂന്താനം

C) മേല്പത്തൂർ നാരായണ ഭട്ടതിരി

D) രാമപുരത്തുവാര്യർ

56. വയലാർ അവാർഡ് നേടിയിട്ടില്ലാത്ത കവി ഇവരിൽ ആരാണ്?

A) തിരുനല്ലൂർ കരുണാകരൻ

B) വിഷ്ണുനാരായണൻ നമ്പൂതിരി

C) ഏഴാച്ചേരി രാമചന്ദ്രൻ

D) വി. മധുസൂദനൻ നായർ

57. ഇറാനിമോസ് ഏതു നോവലിലെ കഥാപാത്രമാണ്:

A) കരിക്കോട്ടക്കരി B) സമ്പർക്കക്രാന്തി

C) സമുദ്രശില D) തേനീച്ചറാണി

58. തിരുവിതാംകൂറിൽ നേരിട്ട് രാജ്യം ഭരിച്ച ഒരേ ഒരു മഹാറാണിയാണ്

A) സേതുലക്ഷ്മീഭായി B) ഗൗരിപാർവതിഭായി

C) ഗൗരിലക്ഷ്മിഭായി D) ഉമയമ്മറാണി

59. അമ്പാടി നാരായണപൊതുവാളിന്റെ ' ഉളി പിടിച്ചകൈ', എം.ടി വാസുദേവൻ നായരുടെ 'ജീവന്റെ വില' എന്നീ കഥകളുടെ പൊതുസവിശേഷത എന്ത്?

A) പെരുന്തച്ചന്റെ കഥയുടെ പുനരാവിഷ്കാരം

B) അപസർപ്പകസ്വഭാവമുള്ള പ്രമേയം

C) അധ്വാനത്തിന്റെ മഹത്ത്വം വിളംബരം ചെയ്യുന്നു

D) പിതൃ–പുത്രബന്ധത്തിന്റെ ഊഷ്മളത ആവിഷ്കരിക്കുന്നു

60. ഴാങ് ബോദ്രിയാർ (Jean Baudrillard) ഏതു സാഹിത്യസിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) ഉത്തരാധുനികത B) അപനിർമ്മാണം

C) ചിഹ്നവിജ്ഞാനീയം D) നവചരിത്രവാദം

61. "ഭജ ഗോവിന്ദം- ഭജ ഗോവിന്ദം എന്നുള്ള കീർത്തനം ഈ വൃത്തത്തിലാകുന്നു"-ഏത് വൃത്തത്തിൽ

A) കാകളി B) ഊനകാകളി

C) തരംഗിണി D) മഞ്ജരി

62. ക്രിയകളെ കാരിതം, അകാരിതം എന്ന് വിഭജിക്കുന്നതിന് അടിസ്ഥാനം

A) അർത്ഥം B) പ്രകൃതി C) പ്രാമാണ്യം D) രൂപം

63. "മറ്റുള്ളവരെപ്പോലെ പ്രേമഗാനങ്ങൾ ഞാൻ എഴുതിയിട്ടില്ല എന്നത് എന്റെ അസംഖ്യം നിരൂപകന്മാരിൽ ആരും തന്നെ എടുത്തുപറഞ്ഞിട്ടില്ല എന്നുള്ളത് വിചിത്രമായിരിക്കുന്നു"-ആരുടെ വാക്കുകളാണിത്?

A) പി. കുഞ്ഞിരാമൻ നായർ B) വൈലോപ്പിള്ളി

C) എം. ഗോവിന്ദൻ D) അയ്യപ്പപ്പണിക്കർ

64. 'ആത്മബോധത്തിന്റെ ഉരിയാട്ടം' ആരുടെ ചെറുകഥകളെക്കുറിച്ചുള്ള പഠനമാണ്?

A) ടി. പത്മനാഭൻ

B) മാധവിക്കുട്ടി

C) അംബികാസുതൻ മാങ്ങാട്

D) ഇ. സന്തോഷ്കുമാർ

65. ഇവയിൽ ശരിയായ വാക്യം ഏതാണ്?

A) ഓരോ പത്രങ്ങൾക്കും അവരുടേതായ നയമുണ്ട്

B) ബലാത്സംഗത്തിനു വിസമ്മതിച്ച യുവതിയെ വെടിവച്ചുകൊന്നു

C) രാജ്യത്തിന്റെ സർവതോമുഖമായ പുരോഗതിയാണ് ഞങ്ങൾ ലക്ഷ്യമാക്കുന്നത്

D) ഒന്നാം റാങ്കു നേടിയ വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ബാബുവും ഗീതയുമാണ്

66. വടക്കൻപാട്ടിലെ തച്ചോളി ഒതേനനെ 'കേരളത്തിലെ റോബിൻഹുഡ്' എന്നുവിശേഷിപ്പിച്ചത്:

A) വില്യം ലോഗൻ

B) ഗുണ്ടർട്ട്

C) ചേലനാട്ട് അച്യുതമേനോൻ

D) എം.സി. അപ്പുണ്ണി നമ്പ്യാർ

67. ദ്വന്ദ്വസമാസത്തിന് ഉദാഹരണം ഏത്?

A) രാകേന്ദു B) രാജഭരണം C) രാപകൽ D) രാക്കിളി

68. തിണസങ്കല്പമനുസരിച്ച് വിലാപം ഏത് തിണയുടെ ഉരിപ്പൊരുളാണ്?

A) കുറിഞ്ചി B) മരുതം C) പാലൈ D) നെയ്തൽ

69. മലയാളത്തിലെ നിരൂപകരുടെ കൂട്ടത്തിൽ പത്രാധിപസ്ഥാനം വഹിച്ചിട്ടില്ലാത്തത് ഇവരിൽ ആരാണ്?

A) സുകുമാർ അഴീക്കോട് B) കുട്ടികൃഷ്ണമാരാർ

C) എം.എൻ. വിജയൻ D) കേസരി ബാലകൃഷ്ണപിള്ള

70. കെ.പി. രാമനുണ്ണിയുടെ 'സൂഫി പറഞ്ഞകഥ' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?

A) പ്രേമാ ജയകുമാർ B) ഡോ. ജാൻസി ജയിംസ്

C) കെ.പി. രാമനുണ്ണി D) ആർ.ഇ. ആഷർ

71. മലയാളം യൂണികോഡ് എന്ന ഏകീകൃത ലിപിവ്യവസ്ഥ നിലവിൽ വന്നത് ഏത് വർഷമാണ്?

A) 1998 B) 2001 C) 2004 D) 2007

72. മലയാളത്തിൽ ആദ്യമായി ഏകഭാഷാനിഘണ്ടു തയ്യാറാക്കിയത്:

A) റിച്ചാർഡ് കോളിൻസ് B) ഗുണ്ടർട്ട്

C) ബെഞ്ചമിൻ ബയ്‌ലി D) ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള

73. കട്ടക്കയത്തിൽ ചെറിയാൻമാപ്പിള രചിച്ച 'ഒലിവേർ വിജയം' എന്നകൃതി ഏതു വിഭാഗത്തിൽപ്പെടുന്നു?

A) മഹാകാവ്യം B) ആട്ടക്കഥ

C) ഖണ്ഡകാവ്യം D) ചവിട്ടുനാടകം

74. കെ.ടി. മുഹമ്മദിന്റെ 'സകാര'നാടകങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

A) സംഗമം B) സമന്വയം C) സമീക്ഷ D) സംഹാരം

75. കൈകൊട്ടിക്കളിക്ക് സാധാരണയായി ഉപയോഗിക്കുന്ന 'വീരവിരാടകുമാര വിഭോ' എന്ന പദം ഏത് ആട്ടക്കഥയിലേതാണ് ?

A) കിർമ്മീരവധം B) രാവണവിജയം

C) ഉത്തരാസ്വയംവരം D) കല്യാണസൗഗന്ധികം

76. ചേരുംപടി ചേർക്കുക:

| | |
|---|---|
| a. കടൽക്കാക്കകൾ | 1. എൻ.വി.കൃഷ്ണവാരിയർ |
| b. കുങ്കുമപ്രഭാതം | 2. വൈലോപ്പിള്ളി |
| c. പഥികന്റെ പാട്ട് | 3. ജി. ശങ്കരക്കുറുപ്പ് |
| d. കൊച്ചുതൊമ്മൻ | 4. ഇടശ്ശേരി |

A) a –2, b –4, c–3, d– 1 B) a – 2, b – 4, c –1, d - 3

C) a – 2, b– 3, c -4, d -1 D) a – 2, b – 1, c – 4, d - 3

77. ഒരു കൈയിൽ തോക്കും മറുകൈയിൽ ബൈബിളുമായാണ് പോർട്ടുഗീസുകാർ കേരളത്തിലെത്തിയതെന്ന് അഭിപ്രായപ്പെട്ട ചരിത്രകാരൻ ആര് ?
   A) സർദാർ കെ.എം.പണിക്കർ
   B) കെ.പി.പദ്മനാഭമേനോൻ
   C) എം.ജി.എസ്.നാരായണൻ
   D) രാജൻ ഗുരുക്കൾ

78. ചേരുംപടി ചേർക്കുക:

| | |
|---|---|
| a. ഭാഷാഗവേഷണം | 1. കെ.ഗോദവർമ്മ |
| b. കൈരളീശബ്ദാനുശാസനം | 2. കുഞ്ചുണ്ണിരാജ |
| c. പൂർവ്വകേരളഭാഷ | 3. പ്രഭാകരവാര്യർ |
| d.കേരളഭാഷാവിജ്ഞാനീയം | 4. കെ.സുകുമാരപിള്ള |

   A) a – 2, b -3, c– 4, d -1   B) a – 3, b – 1, c – 2, d - 4
   C) a –2, b- 4, c– 3, d - 1   D) a – 3, b – 4, c – 2, d – 1

79. ചേരുംപടി ചേർക്കുക:

| | |
|---|---|
| a. തുലാവർഷപ്പച്ച | 1. എം.ഗോവിന്ദൻ |
| b. മാനസാന്തരം | 2. ബാലചന്ദ്രൻ ചുള്ളിക്കാട് |
| c. മറവി എഴുതുന്നത് | 3. സുഗതകുമാരി |
| d. ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം | 4. ദേശമംഗലം രാമകൃഷ്ണൻ |

   A) a – 4, b – 3, c – 1, d - 2   B) a – 1, b – 3, c – 4, d - 2
   C) a – 3, b – 2, c – 4, d - 1   D) a – 2, b – 3, c – 4, d - 1

80. ആരോഗ്യചിന്താമണി എന്ന വൈദ്യശാസ്ത്രഗ്രന്ഥത്തിന്റെ രചയിതാവ്:
   A) നാലപ്പാട്ട് നാരായണമേനോൻ
   B) ഉള്ളൂർ
   C) ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി
   D) വള്ളത്തോൾ

81. കേരളത്തിലെ നാടോടിനാടകങ്ങൾ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?
   A) കാവാലം   B) എസ്.കെ.നായർ
   C) എ.കെ.നമ്പ്യാർ   D) സി.എൻ.ശ്രീകണ്ഠൻ നായർ

82. ചേരുംപടി ചേർക്കുക

| | |
|---|---|
| a. സിമ്പോസിയം | 1. ഹോരേസ് |
| b. പോയറ്റിക്സ് | 2. അരിസ്റ്റോട്ടിൽ |
| c. ഓൺ ദ സബ്ലൈം | 3. ലോംഗിനസ്സ് |
| d. ആർസ് പോയറ്റിക്ക | 4. പ്ലേറ്റോ |

   A) a – 4, b – 2, c – 3, d -1   B) a – 4, b – 2, c – 1, d - 3
   C) a – 4, b – 3, c – 2, d -1   D) a – 2, b – 1, c – 4, d - 3

83. വടക്കൻപാട്ടുകളുടെ പണിയാല എന്ന കൃതിയുടെ കർത്താവ് ആര് ?
A) എം.ആർ.രാഘവവാരിയർ B) എം.ആർ.നായർ
C) എം.കെ.പണിക്കോട്ടി D) എം.എം.പുരുഷോത്തമൻ നായർ

84. സംസ്കാരവിശകലനത്തിലൂടെ മേൽക്കോയ്മയെ അപനിർമ്മിച്ച ചിന്തകൻ ആര് ?
A) സിഗ്മണ്ട് ഫ്രോയ്ഡ് B) അന്റോണിയോ ഗ്രാംഷി
C) കാൾ മാർക്സ് D) എസ്രാ പൗണ്ട്

85. ചേരുംപടി ചേർക്കുക:

a. തുപ്പൽക്കോളാമ്പി 1. കുണ്ടൂർ നാരായണമേനോൻ
b. മലയവിലാസം 2. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
c. മയൂരസന്ദേശം 3. എ.ആർ.രാജരാജവർമ്മ
d. കോമപ്പൻ 4. കുഞ്ഞിക്കുട്ടൻ തമ്പുരാൻ

A) a –4, b –3, c –1, d -2 B) a –1, b –3, c –4, d -2
C) a –1, b –3, c –2, d -4 D) a –4, b –3, c –2, d -1

86. ചേരുംപടി ചേർക്കുക:

a. ഹിരണ്യകശിപു 1. കാക്കനാടൻ
b. അഞ്ചുസെന്റ് 2. ആനന്ദ്
c. ഉഷ്ണമേഖല 3. എൻ.പി.മുഹമ്മദ്
d. അഭയാർത്ഥികൾ 4. മലയാറ്റൂർ രാമകൃഷ്ണൻ

A) a – 3, b – 4, c – 1, d - 2 B) a – 4, b – 3, c – 1, d - 2
C) a – 3, b – 4, c - 2 ,d - 1 D) a – 4, b – 3, c – 2, d - 1

87. അക്ഷരം എന്നു സാമാന്യമായി വ്യവഹരിച്ചുവരുന്ന ഭാഷാമാത്രയ്ക്ക് ആധുനിക ഭാഷാശാസ്ത്രം എന്ന ഗ്രന്ഥത്തിൽ സ്വീകരിച്ച പേര്:
A) പദം B) രൂപിമം C) സ്വനിമം D) പദാംഗം

88. 1906 ൽ രസികരഞ്ജിനിയിലൂടെ സഹൃദയരിലേക്കെത്തിച്ചേർന്ന സന്ദേശ കാവ്യം ഏതാണ് ?
A) ശുകസന്ദേശം B) മയൂരസന്ദേശം
C) കോകസന്ദേശം D) ഉണ്ണുനീലിസന്ദേശം

89. ചേരുംപടി ചേർക്കുക

a. ചുടലമുത്തു 1. സുന്ദരികളും സുന്ദരന്മാരും
b. ബഷ്സ കുഞ്ഞാപ്പു 2. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
c. ആനമക്കാർ 3. തോട്ടിയുടെ മകൻ
d. ഇരുമ്പൻ ഗോവിന്ദൻ നായർ 4. ഒരു ദേശത്തിന്റെ കഥ

A) a – 4, b – 3, c – 2, d - 1 B) a – 4, b – 3, c – 1, d - 2
C) a – 3, b - 4, c – 1, d - 2 D) a – 3, b – 4, c – 2, d - 1

90. വേറിട്ടുനിൽക്കുന്നത് തിരിച്ചറിയുക:

A) കീചകവധം B) ഉത്തരാസ്വയംവരം

C) ദക്ഷയാഗം D) രാവണവിജയം

91 താഴെ കൊടുത്തവയിൽ Adaption എന്ന ഇംഗ്ലീഷ് പദത്തിന് ഏറ്റവും യോജിച്ച മലയാളപദം ഏതാണ് ?

A) വിവർത്തനം B) പരാവർത്തനം

C) അനുവർത്തനം D) ആവർത്തനം

92. ശ്രീനാരായണഗുരുവിന്റെ ജീവിതം വിഷയമാക്കിയ ‘നാരായണം’ എന്ന നോവൽ രചിച്ചതാര് ?

A) കെ.സുരേന്ദ്രൻ B) പെരുമ്പടവം ശ്രീധരൻ

C) ടി.കെ.അനിൽകുമാർ D) പി.സുരേന്ദ്രൻ

93. താഴെ പറയുന്ന ഗ്രൂപ്പിൽ വിട്ടുപോയ സംഗീതോപകരണം ഏതാണ് ?
തിമില, മദ്ദളം, ഇലത്താളം, ഇടക്ക, ---.

A) ചെണ്ട B) ഉടുക്ക് C) മൃദംഗം D) കൊമ്പ്

94. കുറിഞ്ചിത്തിണയുടെ ദേവനായി തൊൽക്കാപ്പിയത്തിൽ സങ്കൽപിച്ചിരിക്കുന്നത് ആരെയാണ് ?

A) മുരുകൻ B) വരുണൻ C) ഇന്ദ്രൻ D) കൊറ്റവൈ

95 ‘കാട്ടുകടന്നൽ’ എന്ന നോവൽ വിവർത്തനം ചെയ്തതാര് ?

A) എം.എൻ വിജയൻ B) ജോസഫ് മുണ്ടശ്ശേരി

C) നിലീനാ എബ്രഹാം D) പി.ഗോവിന്ദപ്പിള്ള

96. ‘സൗന്ദര്യത്തെ ഉപാധിയാക്കിക്കൊണ്ട് അചിരേണ ലഭിക്കേണ്ട ആഹ്ലാദത്തിനു വേണ്ടി വികാരത്തെ ഉദ്ദീപിപ്പിക്കലാണ് കവിത’. ഈ നിർവ്വചനം ആരുടേതാണ് ?

A) ഐ.എ.റിച്ചാർഡ്സ് B) റസ്കിൻ

C) വില്യം വേഡ്സ്വർത്ത് D) കോൾറിഡ്ജ്

97. ‘കോഴ്സ്’ എന്ന ചുരുക്കപ്പേരു കൊണ്ട് മാത്രം ഭാഷാശാസ്ത്രരംഗത്ത് പ്രസിദ്ധമായ ഗ്രന്ഥം:

A) കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്

B) കോഴ്സ് ഇൻ മോഡേൺ ലിംഗ്വിസ്റ്റിക്സ്

C) എ ബ്രീഫ് കോഴ്സ് ഇൻ ഡയലറ്റിക്സ്

D) ഇതൊന്നുമല്ല

98. ’ചിരിക്കുന്ന കഥകേട്ടാലിരിക്കും ആയതല്ലെങ്കിൽ തിരിക്കും’ എന്ന കുഞ്ചൻ നമ്പ്യാരുടെ വരികൾ ഏതു തുള്ളൽകൃതിയിലേതാണ് ?

A) കല്യാണസൗഗന്ധികം B) സഭാപ്രവേശം

C) കുംഭകർണവധം D) ഘോഷയാത്ര

99. ഏത് കൃതിയിലാണ് ഉദ്ദണ്ഡശാസ്ത്രികൾ തളിപ്പറമ്പ് എന്ന സാംസ്കാരിക കേന്ദ്രത്തിന്റെ കീർത്തി വർണിച്ചിരിക്കുന്നത് ?

A) മല്ലികാമാരുതം B) ഉണ്ണിയാടീചരിതം
C) കോകിലസന്ദേശം D) ഉണ്ണിച്ചിരുതേവീചരിതം

100. 'കലാവിമർശനത്തെക്കുറിച്ച് ഹൃദയം കൊണ്ട് രുചിച്ചത് വാക്കു കൊണ്ട് വിസ്തരിക്കുക' എന്ന് അഭിപ്രായപ്പെട്ട ചിന്തകൻ ആര് ?

A) വാൾട്ടർ പേറ്റർ B) റൂസ്സോ
C) ക്രോച്ചേ D) ടോൾസ്റ്റോയ്

101. ഉച്ചാരണം ,പദം ,വ്യാകരണരൂപം,അർത്ഥം എന്നിവയിൽ സമാനസ്വഭാവമുള്ള വയെ ബന്ധിപ്പിക്കുന്ന സാങ്കൽപികരേഖയാണ്

A) അവശിഷ്ടമേഖല B) കേന്ദ്രമേഖല
C) ഭാഷാക്ഷേത്രരേഖ D) സമഭാഷാംശ സീമാരേഖ

102. രേവതിപട്ടത്താനത്തിന് വേദിയായിരുന്ന ക്ഷേത്രം

A) തിരുനാവായ B) തളി
C) ഗുരുവായൂർ D) ശുചീന്ദ്രം

103. 'ഇസങ്ങളുടെ ലോകത്തിൽ' എന്ന പുസ്തകത്തിന്റെ രചയിതാവ് ആര് ?

A) കല്ലട രാമചന്ദ്രൻ B) എസ്.ഗുപ്തൻ നായർ
C) എം.കെ.സാനു D) സി.രാജേന്ദ്രൻ

104. 'സാമൂഹികഭാഷാവിജ്ഞാനം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര് ?

A) ശാന്താ അഗസ്റ്റിൻ B) ടി.ജി.ശൈലജ
C) കെ.എം.പ്രഭാകരവാരിയർ D) ഉഷാ നമ്പൂതിരിപ്പാട്

105. കണ്ണൻകളിച്ചേട്ടനുമായൊരന്നാൾ
സ്വർണ്ണാദികൾക്കല്ല മഹത്വമയ്യോ
കണ്ണഞ്ചിരട്ടയ്ക്കു പടുത്വമേറും
കുന്നിക്കുരുക്കൾക്കു മീതെന്നു തീർന്നു.
ഈ വരികൾ ആരുടേതാണ് ?

A) പുനം നമ്പൂതിരി B) കുണ്ടൂർ നാരായണമേനോൻ
C) പൂന്താനം D) വെൺമണി മഹൻ

106. ഗ്രൂപ്പിൽ ചേരാത്തത് കണ്ടെത്തുക

A) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
B) ഋതുമതി
C) മറക്കുടക്കുള്ളിലെ മഹാനരകം
D) ഉണ്ണിനമ്പൂതിരി

107. മറ്റ് ധാതുക്കളെ സഹായിക്കാൻ അതിനടുത്ത് പ്രയോഗിക്കുന്ന ധാതുവാണ്:

A) അനുപ്രയോഗം B) ഖിലധാതു
C) വിനയെച്ചം D) തദ്ധിതം

108. ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെട്ട മഹാകാവ്യം:

A) ഉമാകേരളം B) വേദവിഹാരം

C) ചിത്രയോഗം D) ശ്രീയേശുവിജയം

109. ചേരുംപടി ചേർക്കുക:

| | |
|---|---|
| a. അപ്പുണ്ണി | 1. കാലം |
| b. സേതു | 2. നാലുകെട്ട് |
| c. ഗോവിന്ദൻകുട്ടി | 3. അസുരവിത്ത് |
| d. സുധീർകുമാർ മിശ്ര | 4. മഞ്ഞ് |

A) a – 1, b – 2, c – 3, d - 4 B) a – 2, b –1, c –3, d - 4

C) a – 3, b – 1, c - 2 ,d - 4 D) a – 2, b – 1, c -4, d - 3

110. തമിഴ് നാടകങ്ങളുടെ അവതരണശൈലി അനുകരിച്ചുകൊണ്ട് കെ.സി.കേശവപിള്ള രചിച്ച മലയാളസംഗീതനാടകമാണ്

A) സംഗീതനൈഷധം B) സദാരാമ

C) ദേവയാനീചരിതം D) പാദുകപട്ടാഭിഷേകം

111. 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്

A) സ്കറിയ സക്കറിയ B) പി.ജെ.തോമസ്

C) സി.ജെ.തോമസ് D) കെ.എം.ജോർജ്

112. മണിപ്രവാളലക്ഷണം ലീലാതിലകത്തിലെ ഏത് ശിൽപത്തിലാണ് ?

A) രണ്ടാം ശിൽപം B) മൂന്നാം ശിൽപം

C) ഒന്നാം ശില്പം D) എട്ടാം ശിൽപം

113. 'ഗറില്ല' എന്ന നാടകത്തിന്റെ കർത്താവ്:

A) ടി.എൻ.ഗോപിനാഥൻ നായർ

B) എൻ.എൻ.പിള്ള

C) എൻ.കൃഷ്ണപിള്ള

D) ജി.ശങ്കരപ്പിള്ള

114. ജയരാജ് സംവിധാനം നിർവ്വഹിച്ച 'കളിയാട്ടം' എന്ന ചലച്ചിത്രത്തിന് ആധാര മായ ഷെയ്ക്സ്പിയർ കൃതി

A) ഹാംലറ്റ് B) മാക്ബത്ത്

C) ഒഥല്ലോ D) ആന്റണി ആന്റ് ക്ലിയോപാട്ര

115. എം.ടി സംവിധായകനായ 'കടവ്' എന്ന ചലച്ചിത്രത്തിന്റെ കഥ ആരുടെതായി രുന്നു ?

A) എം.ടി B) ഉറൂബ്

C) കെ.ടി.മുഹമ്മദ് D) എസ്.കെ.പൊറ്റെക്കാട്ട്

116. ഭാഷയുടെ രോഗമാണ് പുരാവൃത്തങ്ങൾ എന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ ആര് ?

A) വില്യം.ആർ.ബാസ്കം B) മാക്സ് മുള്ളർ

C) അലൻ ഡൻഡിസ് D) മലിനോവ്സ്കി

117. 'ബഷീർ ദ മാൻ' എന്ന ഡോക്യുഫിക്ഷൻ സംവിധാനം ചെയ്തതാര് ?

A) എം.എ.റഹ്മാൻ B) അടൂർ ഗോപാലകൃഷ്ണൻ

C) ഡോ.ബിജു D) മനോജ് കാന

118. ഒരു കോഴിക്കട
സിമന്റ് തേച്ച വർക്ക്ഷോപ്പ്
മണ്ണിട്ടുപൊക്കിയ പാടം
മീൻകാരനെ കാണാനേ വയ്യ
കവിയെ തിരിച്ചറിയുക

A) സെബാസ്റ്റ്യൻ B) എം.ആർ.രേണുകുമാർ

C) എസ്.ജോസഫ് D) എം.ബി.മനോജ്

119. കറയറ്റ നന്മക്കു നാടകീയത കുറവായതു കൊണ്ട് എല്ലാ ഗുണവും തികഞ്ഞ ആദർശപാത്രങ്ങളെ ട്രാജഡിയിൽ ഉപയോഗിക്കേണ്ടതില്ല എന്ന് പറഞ്ഞ തത്വചിന്തകൻ

A) പ്ലേറ്റോ B) പ്ലോട്ടിനസ്സ്

C) ഹോരേസ് D) അരിസ്റ്റോട്ടിൽ

120. സി.വി.രാമൻ പിള്ളയുടെ മാർത്താണ്ഡവർമ്മയിലെ നായിക ഫലം നോക്കാനായി തോഴിയെക്കൊണ്ടു വായിപ്പിക്കുന്ന ഗ്രന്ഥം ഏതാണ് ?

A) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

B) ഭാഗവതം

C) നാരായണീയം

D) ഹരിനാമകീർത്തനം

---